# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2350 20.06.2012 - ൽ മറുപടിക്ക്

### കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. എം. പി. വിൻസന്റ്<br>ശ്രീ. കെ. അച്ചുതൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സാമ്പത്തിക വർഷം എത്ര കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ) ഈ സാമ്പത്തിക വർഷം 48 കുടിവെള്ള പദ്ധതികളാണ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ബി) കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഇ-ടെണ്ടർ മുഖാന്തിരം ടെണ്ടർ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഭരണാനുമതി ലഭിച്ച് ഒരു മാസത്തിനകം NIT അപ്‌ലോഡ് ചെയ്യത്തക്ക രീതിയിൽ നേരത്തെ NIT തയ്യാറാക്കി ടെണ്ടർ നോംസും പ്രവൃത്തിയുടെ NIT യും ഒരേ ദിവസം പ്രസിദ്ധപ്പെടുത്തി വരുന്നു. കൂടാതെ താഴെ പറയുന്ന വിവരങ്ങൾ നടപ്പാക്കാനുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ടെണ്ടർ ചെയ്യുന്ന ഓഫീസർ തന്നെ കോൺട്രാക്ടർമാരെ പ്രീക്വാളിഫൈ ചെയ്ത് ടെക്നിക്കൽ ബിഡ് തുറന്ന് ഒരു മാസത്തിനകം തന്നെ പ്രൈസ് ബിഡ് തുറക്കാനും ടെണ്ടർ ചെയ്യുന്ന ഓഫീസറുടെ അംഗീകാര പരിധിയിൽ വരുന്ന പ്രവൃത്തികൾക്ക് പ്രൈസ് ബിഡ് തുറന്ന് |

ആഴ്ചയ്ക്കകവും അടുത്ത തല ത്തിലുള്ള ഓഫീസർ ആണെങ്കിൽ ടെണ്ടർ കിട്ടി രണ്ടാഴ്ചയ്ക്കകവും, മാനേജിംഗ് ഡയറക്ടറുടെ പരിധി യിൽ വരുന്നതാണെങ്കിൽ ടെണ്ടർ ലഭിച്ച് മൂന്നാഴ്ചയ്ക്കകവും ബോർ- ഡിന്റെയോ എംപവേർഡ് കമ്മിറ്റി യുടെയോ പരിധിയിൽ വരുന്ന താണെങ്കിൽ നാലാഴ്ചയ്ക്കകവും അംഗീകാരം നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നു. സമയ പരിധി പാലിക്കാൻ ടെണ്ടർ അംഗീകരി ക്കുന്ന ഓഫീസർ മാത്രം നെഗോസിയേഷൻ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ